പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1444 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരത്തിലെ നിർമ്മാണ പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ നിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ചുമതല സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ട്രഷറി ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ട്രഷറി ഡയറക്ടർ നിർദ്ദേശം നല്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് തിരുവനന്തപുരം നഗരസഭയുടെ 2017 - 18 ലെ വികസന പദ്ധതികൾക്ക് തിരിച്ചടി യായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ ജൂനിയർ ഉദ്യോഗസ്ഥർക്ക് നിർവ്വഹണ ചുമതല നൽകണമെന്ന് തിരുവനന്തപുരം നഗരസഭ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ആവശ്യപ്പെട്ടിരുന്നു. |
| (ഡി) | നഗരസഭയുടെ പുതുക്കിയ ജനകീയാസൂത്രണ മാർഗ്ഗ രേഖയിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നോ; എങ്കിൽ ഇതിന് വിരുദ്ധമായ ഉത്തരവ് സമയബന്ധിതമായി നഗരസഭയുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് വിഘാതമായതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ? | (ഡി) | മുനിസിപ്പാലിറ്റികളുടെയും,കോർപ്പറേഷനുകളുടെയും 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഒന്നിലധികം എഞ്ചിനീയർമാരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏതെല്ലാം ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കണമെന്ന് നഗരസഭാ/കോർപ്പറേഷൻ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. ജൂനിയർ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതലുള്ളവരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കിക്കൊണ്ട് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ